പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 7604 — 15.07.2014-ൽ മറുപടിക്ക്.

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ദാസൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ എവിടെയെല്ലാം ആരംഭിച്ചുവെന്നു വെളിപ്പെടുത്തുമോ; | :(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനു 03.06.2009-ലെ ജി.ഒ (പി) 22/09/SWD ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലെയും **Principal Sessions** കോടതികളെ ഈ ആവശ്യത്തിലേക്ക് പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് കേസുകൾ വിചാരണ ചെയ്യുന്നതിനായി എറണാകുളത്ത് ഒരു അഡീഷണൽ സെഷൻസ് കോടതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതേ രീതിയിൽ തിരുവനന്തപുരത്ത് അനുവദിച്ച കോടതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഒരു കോടതി കോഴിക്കോട് സ്ഥാപിക്കുവാൻ തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ അപ്രകാരമൊരു കോടതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | : (ബി)യും, (സി)യും; കൊയിലാണ്ടിയിൽ കോടതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിക്കുകയും ഹൈക്കോടതി ഇക്കാര്യം പരിശോധിക്കുകയുമുണ്ടായി. ജില്ലാ ആസ്ഥാനങ്ങളിൽ കോടതി സ്ഥാപിക്കുന്നതായിരിക്കും ഉചിതമെന്നതിനാലും കോഴിക്കോട് നിന്നും കൊയിലാണ്ടി 22 കിലോ മീറ്റർ അകലെ ആയതിനാലും കോഴിക്കോട് നിന്നും 3 കിലോമീറ്റർ മാത്രം അകലെയുള്ള ഇരഞ്ഞിപാലത്ത് അനുയോജ്യമായ കെട്ടിടം ലഭ്യവുമായ സാഹചര്യത്തിൽ കോടതി ഇരഞ്ഞിപാലത്ത് ആരംഭിക്കുവാൻ ഹൈക്കോടതി തീരുമാനമായിട്ടുണ്ട് |
| (സി) കൊയിലാണ്ടി കോടതി ഇതിനായി പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | |

[signature]

സെക്ഷൻ ഓഫീസർ